<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3655</u> <u>02-03-2023 - ൽ മറുപടിയ്ക്ക്</u>

<u>കെ.എസ്.ആർ.ടി.സി.യിൽ നിന്നും വിരമിച്ചവർക്ക് പെൻഷൻ ആനുകൂല്യങ്ങൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.ഉമ തോമസ്,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ പി സി വിഷ്ണുനാഥ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി.യിൽ നിന്നും വിരമിച്ചവർക്ക് പെൻഷൻ ആനുകൂല്യങ്ങൾ സമയബന്ധിതമായി നൽകാൻ സാധിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | ഇല്ല.<br><br>കെ.എസ്.ആർ.ടി.സി.യിൽ നിന്നും വിരമിച്ചവർക്ക് പെൻഷൻ ആനുകൂല്യങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യുന്നതിനുവേണ്ടി ബഹു. ഹൈക്കോടതി നിർദ്ദേശാനുസരണം പ്രതിദിന വരുമാനത്തിന്റെ 10% തുക മറ്റൊരു പ്രത്യേക അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിക്കുകയും, ടി തുക ഉപയോഗിച്ച് പെൻഷൻ ആനുകൂല്യ വിതരണം നൽകി വരുന്നുമുണ്ടായിരുന്നു. എന്നാൽ കോവിഡ് മഹാമാരിക്കുശേഷം സർവ്വീസുകൾ പുനരാരംഭിച്ചെങ്കിലും വരുമാനത്തിലുണ്ടായ ഗണ്യമായ ഇടിവ്, സർക്കാർ സാമ്പത്തിക സഹായത്തിൽ വന്ന കുറവ്, ഇന്ധന വിലവർദ്ധനവ് തുടങ്ങിയ കാരണങ്ങളാൽ ശമ്പളംപോലും വിതരണം ചെയ്യാൻ സാധിക്കാത്ത കടുത്ത സാമ്പത്തിക പ്രതിസന്ധി ഉടലെടുക്കുകയുണ്ടായി. ടി പ്രതിസന്ധി ഘട്ടത്തിൽ പെൻഷൻ ആനുകൂല്യ വിതരണത്തിനായി മാറ്റി വെച്ച ഫണ്ടിൽ നിന്നുപോലും അടിയന്തരാവശ്യങ്ങൾക്കായി തുക വകമാറ്റേണ്ടിവരുന്നുണ്ട്. ഇക്കാരണങ്ങളാലാണ് വിരമിച്ചവർക്കുള്ള പെൻഷൻ ആനുകൂല്യങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യാൻ സാധിക്കാത്തത്. |
| (ബി) | 2022 മാർച്ച് 31-ന് മുമ്പ് വിരമിച്ച 174 കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ഉടൻ പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യണമെന്ന് ഹൈക്കോടതി ഉത്തരവ് നൽകിയിട്ടുണ്ടോ; | (ബി) | ബഹു. ഹൈക്കോടതിയുടെ RP 1130/2022ലും അനുബന്ധ കേസുകളിലുമായി പുറപ്പെടുവിച്ച 16/02/2023-ലെ വിധിന്യായത്തിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്ത ഹർജിക്കാർ ഉൾപ്പെടെ പെൻഷന് അർഹതയുള്ളവരിൽ 31/12/22 വരെ വിരമിച്ചവർക്ക് ജഡ്ജ്മെന്റ് തീയതി മുതൽ 45 ദിവസത്തിനകം ഒരു ലക്ഷം രൂപ കൊടുക്കുവാനും ബാക്കി തുക ഏപ്രിൽ 2023 മുതൽ കോർപ്പസ് ഫണ്ടിൽ നിന്നും |

| | | | |
|---|---|---|---|
| | | | റിട്ടയർമെന്റ് തീയതി കണക്കാക്കി മുൻഗണനാ ക്രമത്തിൽ വിതരണം ചെയ്യുവാനും ഉത്തരവായിരുന്നു. എന്നാൽ, കല്യാണം, രോഗം പോലുള്ള അടിയന്തര ആവശ്യങ്ങൾക്കായി ലഭിക്കുന്ന അപേക്ഷകൾക്ക് പ്രത്യേക പരിഗണന നൽകി പെൻഷൻ ആനുകൂല്യങ്ങൾ നൽകുവാനും ബഹു. കോടതി ഉത്തരവായി. |
| (സി) | കെ.എസ്.ആർ.ടി.സി.യിൽ നിന്നും വിരമിച്ചവർക്ക് പെൻഷൻ ആനുകൂല്യങ്ങൾ സമയബന്ധിതമായി നൽകാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | കെ.എസ്.ആർ.ടി.സി.യിൽ നിന്നും വിരമിച്ച ജീവനക്കാരിൽ നിന്നും പെൻഷൻ വിതരണ നടപടികൾ പൂർത്തീകരിച്ച ജീവനക്കാരുടെ പെൻഷൻ, റിട്ടയർമെന്റ് ആനുകൂല്യ വിതരണത്തിനായി ഏകദേശം 79.04 കോടി രൂപയോളം വേണ്ടിവരും. കോർപ്പറേഷന്റെ നിലവിലെ സാമ്പത്തിക പ്രതിസന്ധിയിൽ ഇത്രയും തുക ഒറ്റത്തവണയായി വിതരണം ചെയ്യുന്നത് അസാധ്യമായതിനാൽ, പെൻഷൻ ആനുകൂല്യങ്ങൾ ഗഡുക്കളായി വിതരണം ചെയ്യാൻ അനുവദിക്കണമെന്ന് കാട്ടി കോർപ്പറേഷൻ ബഹു. ഹൈക്കോടതിയുടെ പരിഗണനക്കായി ഹർജി സമർപ്പിക്കുകയുണ്ടായി. ടി ഹർജിയിന്മേൽ വിരമിച്ച ജീവനക്കാർക്ക് ഒരു ലക്ഷം രൂപ വീതം ആദ്യ ഘട്ടത്തിൽ അനുവദിക്കാൻ ബഹു. ഹൈക്കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് അടിയന്തിരമായി അനുവദിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. മാത്രമല്ല ടി ഹർജിയിന്മേലുള്ള ബഹു. ഹൈക്കോടതിയുടെ അന്തിമ തീർപ്പനുസരിച്ച് മാത്രമേ പെൻഷൻ, റിട്ടയർമെന്റ് ആനുകൂല്യങ്ങൾ പൂർണ്ണമായി എന്ന് വിതരണം ചെയ്യാൻ സാധിക്കും എന്നത് സംബന്ധിച്ച വിശദാംശങ്ങൾ നൽകാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ